(ബി) (1) പ്രിൻസിപ്പൽ .. 1
(2) പ്രൊഫസർമാർ .. 5
(3) വർക്ക് ഷോപ്പ് സൂപ്രണ്ട് .. 1
(4) ട്രേഡ് ഇൻസ്ട്രക്ടർ .. 17

(സി) കോളേജിന്റെ ഭരണസമിതിയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

സർവ്വീസിലിരിക്കെ മരിച്ചുപോയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ താമസംവിനാ നൽകുന്നതിന് നടപടി

56 [2708] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ സർവ്വീസിലിരിക്കെ മരിച്ചുപോയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ അവകാശികൾക്ക് കിട്ടുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(സി) സർവ്വീസിലിരിക്കെ മരിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട്;

(ഡി) അവ തീർപ്പുകൽപ്പിച്ച് അവകാശികൾക്കർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അവകാശതർക്കവും മതിയായ രേഖകളില്ലാത്തതുമായ കേസ്സുകളിൽ ഒഴികെ മരിച്ചുപോയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വളരെവേഗം നൽകിവരുന്നുണ്ട്. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിയമാനുസരണം എത്രയും വേഗം നൽകാൻ നടപടി എടുത്തിട്ടുണ്ട്.

(സി) 187 അപേക്ഷകൾ.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

57 [2709] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരന്തൂരിനും കുന്ദമംഗലത്തിനും ഇടയ്ക്ക് ഓവുങ്ങര കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി ഇതുവരെ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

മലപ്പുറം ജില്ലയിലെ വെട്ടിക്കുറച്ച ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

58 [2710] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി ഡിപ്പോകളിൽനിന്നും സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ നിരവധി സർവ്വീസുകൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഡിപ്പോകളിൽനിന്ന് കഴിഞ്ഞ 2 വർഷത്തിനിടയിൽ വെട്ടിക്കുറച്ച സർവ്വീസുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന സർവ്വീസുകളാണ് പലതും വെട്ടിക്കുറച്ചത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യത്തിലും ഉള്ള സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിലും കെ. എസ്. ആർ. ടി. സി. മലപ്പുറം ജില്ലയോട് അവഗണന കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മലപ്പുറത്തുള്ള ഡിപ്പോകളിൽ വെട്ടിക്കുറച്ച മുഴുവൻ സർവ്വീസുകളും പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)
08.10 പൊന്നാനി — കോഴിക്കോട്
07.00 പൊന്നാനി — കോഴിക്കോട്
13.10 പൊന്നാനി — തിരൂർ—ഹനുമാൻകാവ്
06.20 പൊന്നാനി — കോഴിക്കോട്
07.15 പൊന്നാനി — കോഴിക്കോട്
06.45 പൊന്നാനി — കോഴിക്കോട്
07.50 പെരിന്തൽമണ്ണ — കരുലായി
08.30 പെരിന്തൽമണ്ണ — തിരുവിഴാംകുന്ന്— തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly